DESPAT 7/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.2172*(2)/2020*/എസ്.ഐ.സി തീർപ്പ കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 5425/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. വി. പി. ധനപാലൻ,
ആനക്കുഴിക്കൽ, വാരണം (പി.ഒ),
തണ്ണീർമുക്കം, ചേർത്തല,
ആലപ്പുഴ. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്,
ചേർത്തല, ആലപ്പുഴ – 688 527.

2. അപ്പീൽ അധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
ആലപ്പുഴ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/11/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22/11/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19/12/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27/01/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 25/05/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28/05/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 06/12/2022<br>വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

# <u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. വി. പി. ധനപാലൻ 25/05/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 28/05/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 2172(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 06/11/2019 തീയതി സമർപ്പിച്ച അപേക്ഷയിൽ തണ്ണീർമുക്കം പഞ്ചായത്ത് XI-ാം വാർഡിൽ പുത്തനങ്ങാടിയിലെ പഞ്ചായത്ത് മാർക്കറ്റ് സ്റ്റാളിനെക്കുറിച്ച് താഴെപ്പറയുന്ന വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത്:

1. തണ്ണീർമുക്കം പഞ്ചായത്ത് 11-ാം വാർഡിൽ തണ്ണീർമുക്കം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1-ാം നമ്പർ കടമുറി(ഗ്രൂപ്പൻ വക) ആലപ്പുഴ-തണ്ണീർമുക്കം PWD റോഡിൽ നിന്നും എത്ര മീറ്റർ അകലെ സ്ഥിതി ചെയ്യുന്നുവെന്നും, കൂടാതെ പുത്തനങ്ങാടി പുളിക്കച്ചിറ റോഡിൽ നിന്നും എത്ര മീറ്റർ അകലെ സ്ഥിതി ചെയ്യുന്നുവെന്നും
2. മേൽ വിവരിച്ച കടമുറി extent ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിസ്തീർണ്ണം എന്തെന്നും മറ്റുമായി 4 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 22/11/2019-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 19/12/2019 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 27/01/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 06/12/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, 06/12/2022-ലെ നിർദ്ദേശത്തന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് രണ്ടാം എതിർകക്ഷിയുടെ 27/01/2020-ലെ ഉത്തരവ് പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷയിലെ ക്രമ നമ്പർ 3, 4 നമ്പരായിട്ടുള്ള ചോദ്യങ്ങൾക്ക് ടി ഓഫീസിൽ നിന്നും 26/05/2020-ൽ മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകുകയുണ്ടായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ 12-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV